UN STARRED QUESTIONS POSTED FOR ANSWER ON 28-1-1964

വിദ്യുച്ഛക്തി കേന്ദ്രത്തിലെ അപകടമരണങ്ങൾ.

135 [1] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഴിയാർ പവ്വർഹൌസ് സൈറ്റിലുള്ള കട്ടിംഗ് സ് ഇടിഞ്ഞു വീണ് 1963 ഡിസംബർ രണ്ടാം വാരത്തിൽ എത്ര തൊഴിലാളികൾ മരണമടഞ്ഞു ;

(ബി) ഇടിഞ്ഞുവീണ മണൽമാറ്റി നോക്കിയപ്പോൾ മരിച്ചുകഴിഞ്ഞ എത്രപേരുടെ ശവങ്ങൾകൂടി കണ്ടുകിട്ടി ;

(സി) മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം കൊടുക്കാൻ ഗവണ്മെൻറ് തീരുമാനിച്ചോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) അഞ്ച് തൊഴിലാളികൾ മരണമടഞ്ഞു.

(ബി) മരണമടഞ്ഞ അഞ്ചുപേരുടേയും ശവങ്ങൾ ഇടിഞ്ഞുവീണ മണ്ണ് മാറ്റിയപ്പോൾ കണ്ടുകിട്ടി.

(സി) പ്രസ്തുത തൊഴിലാളികൾ കൺട്രാക്റ്റർ ശ്രീ. സി. എം. ജോസഫിന്റെ കീഴിലാണ് ജോലി ചെയ്തിരുന്നത്. വർക്ക്മെൻസ് കാംപൻസേഷൻ ആക്റ്റിൻപ്രകാരം നഷ്ടപരിഹാരം നൽകേണ്ടത് കൺട്രാക്റ്ററാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ കൺട്രാക്റ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 'സി' വിഭാഗത്തിലെ ഉത്തരത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ലിഫ്റ്റ് ഇറിഗേഷൻ സ്കീം

136. [2] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഇറിഗേഷൻ ഡിവിഷനിൽപ്പെട്ട ചാലാക്കുൽ എന്ന സ്ഥലത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം തുടങ്ങണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) ചാലാക്കുൽ ഗ്രാമോദ്ധാരണ സഹകരണസംഘത്തിൽനിന്നും നിവേദനങ്ങൾ ലഭിച്ചിരുന്നു.

(ബി) പ്രാരംഭാന്വേഷണങ്ങൾക്കുശേഷം ജോലിക്കുള്ള എസ്റ്റിമേറ്റ് അനുവദിച്ചു. ചാലാക്കുൽ ഗ്രാമോദ്ധാരണ സഹകരണസംഘംതന്നെ ടി സ്കീമിന്റെ ജോലികൾ ഏറ്റെടുത്തു. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഈ സംഘത്തിന് സബ്സിഡിയും അനുവദിച്ചുകൊടുത്തു. പക്ഷേ, കുറച്ച് ജോലികൾ ചെയ്തശേഷം സംഘം പണി നിർത്തിവെച്ചതിനാൽ സംഘത്തിനു കൊടുത്തിരുന്ന സബ്സിഡി തിരിച്ച് ഈടാക്കേണ്ടതായി വന്നു.

LIBRARY ARCHIVES Kerala Legislative Assembly